**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **10-10-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഇപ്പോൾ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകളുണ്ടോ; വിശദാംശം നൽകുമോ; | (എ) | **ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | പൊതുപരീക്ഷകൾ നടക്കുന്ന ഹൈസ്കൂളുകളിൽ പ്രധാന അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **പ്രധാന അദ്ധ്യാപക തസ്തികകൾ ഒഴിവുള്ള സ്കൂളുകളിലെ അദ്ധ്യാപകർക്ക് പൂർണ്ണ അധിക ചുമതല നൽകി കൊണ്ട് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.**<br><br>**പ്രധാന അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിലേക്കായി 19/08/2024-ൽ ഡിപിസി(ലോവർ) കൂടുകയും സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി 05/10/2024-ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം അനുവദിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.** |
| (സി) | എങ്കിൽ ഈ തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **പ്രധാന അദ്ധ്യാപക തസ്തികകൾ ഒഴിവുള്ള സ്കൂളുകളിലെ അദ്ധ്യാപകർക്ക് പൂർണ്ണ അധിക ചുമതല നൽകി കൊണ്ട് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.**<br><br>**പ്രധാന അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിലേക്കായി 19/08/2024-ൽ ഡിപിസി(ലോവർ) കൂടുകയും സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി 05/10/2024-ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം അനുവദിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | ജില്ല | ഗവ. എൽ.പി.സ്കൂൾ | ഗവ.യു.പി. സ്കൂൾ | ഗവ. ഹൈസ്കൂൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല | ഇല്ല | ഇല്ല |
| 2 | കൊല്ലം | ഇല്ല | ഇല്ല | 6 |
| 3 | പത്തനംതിട്ട | ഇല്ല | ഇല്ല | 11 |
| 4 | ആലപ്പുഴ | 2 | ഇല്ല | 10 |
| 5 | കോട്ടയം | ഇല്ല | ഇല്ല | 28 |
| 6 | ഇടുക്കി | ഇല്ല | ഇല്ല | 40 |
| 7 | എറണാകുളം | 1 | ഇല്ല | 30 |
| 8 | തൃശ്ശൂർ | ഇല്ല | 1 | 13 |
| 9 | പാലക്കാട് | 1 | ഇല്ല | 10 |
| 10 | മലപ്പുറം | ഇല്ല | 1 | 15 |
| 11 | കോഴിക്കോട് | ഇല്ല | ഇല്ല | 6 |
| 12 | വയനാട് | ഇല്ല | ഇല്ല | 24 |
| 13 | കണ്ണൂർ | 1 | ഇല്ല | 24 |
| 14 | കാസർഗോഡ് | ഇല്ല | ഇല്ല | 7 |